ഉത്തരം

താലൂക്ക് രൂപീകരണം സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ താലൂക്ക് വിഭജനകാര്യത്തിൽ ഇനി ഒരു തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

നദികളുടെ തീരത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിലുള്ള അഴിമതി

19 (2777) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നദികളുടെ തീരത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിൽ വൻ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി എടുക്കുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിൽ ക്രമക്കേടുണ്ടായതായി ഒരു പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി&സി) ഇതിന്മേൽ വിശദമായ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ആദിവാസികൾക്ക് കൈവശമുള്ള ഭൂമിയുടെ അവകാശരേഖ

20 (2778) ശ്രീ. എം. കുമാരൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിൽ കഴിയുന്ന ആദിവാസികൾക്ക് കൈവശഭൂമിയുടെ അവകാശരേഖ നൽകിത്തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എത്ര പേർക്ക് ഇതിനകം കൈവശരേഖ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വനത്തിൽ കഴിയുന്ന ആദിവാസികൾക്ക് കൈവശഭൂമിയുടെ കൈവശരേഖ നൽകുന്നുണ്ട്.

(ബി) 10,443 കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly